ദേശാഭിമാനി

2023 മെയ് 9 ചൊവ്വ | 1198 മേടം 25 | 1444 ശവ്വാൽ 18


ഡയലോഗ്



കർണാടകത്തിൽ കോൺഗ്രസ് മുസ്ലിങ്ങളെ വോട്ട് ബാങ്കായി ഉപയോഗിക്കുകയായിരുന്നു. കോൺഗ്രസും ബിജെപിയും രാഷ്ട്രീയ നേട്ടത്തിനായി യുവാക്കളെ മുതലെടുത്തു. സമുദായ വോട്ട് ലക്ഷ്യമിട്ടാണ് ബിജെപി സർക്കാർ ബില്ലവ വികസന കോർപറേഷൻ പ്രഖ്യാപിച്ചത്

എച്ച് ഡി കുമാരസ്വാമി
ജെഡിഎസ് നേതാവ്

ചരിത്രത്തിൽ ഇന്ന്

09



1502 കൊളംബസ് അമേരിക്കയിലേക്കുള്ള അവസാനയാത്ര ആരംഭിച്ചു

1866 ഗോപാലകൃഷ്ണ ഗോഖലെ ജനിച്ചു

1901 ഓസ്ട്രേലിയൻ പാർലമെന്റിന്റെ ആദ്യ സമ്മേളനം

1945 നാസി ജർമനിയുടെ കീഴടങ്ങൽ

1966 ഷോളയാർ ജലവൈദ്യുതപദ്ധതി ഉദ്ഘാടനംചെയ്തു

1986 ആദ്യമായി എവറസ്റ്റ് കീഴടക്കിയ ടെൻസിങ് അന്തരിച്ചു



## ഓളപ്പരപ്പിൽ ജീവൻ പന്താടരുത്

ഇരുപത്തിരണ്ട് ജീവനുകളാണ് പൂരപ്പുഴയുടെ ആഴങ്ങളിൽ ഞായറാഴ്ച പൊലിഞ്ഞത്. വിടർന്ന കണ്ണുകളുമായി ഈ ലോകത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ തുടങ്ങിയ പിഞ്ചുബാല്യങ്ങൾമുതൽ ഒരുപാട് നിറമുള്ള, സ്വപ്നങ്ങളുള്ള യുവതീയുവാക്കളും മധ്യവയസ്കരുമെല്ലാം ദാരുണമായ ഈ ജലദുരന്തത്തിന്റെ ഇരകൾ. ജലാന്തർഭാഗത്തുനിന്ന് മരണത്തിന്റെ ദീർഘബാഹുക്കൾ പിടിമുറുക്കുമ്പോൾ അവർ പ്രാണനുവേണ്ടി എത്രമാത്രം പിടഞ്ഞിട്ടുണ്ടാകും. എത്ര കുടുംബങ്ങളെയാണ് ഈ ദുരന്തം തീരാവേദനയിലേക്ക് തള്ളിവിട്ടത്. പരപ്പനങ്ങാടി പുത്തൻകടപ്പുറത്തെ കുന്നുമ്മൽ കുടുംബത്തിലെ 11 പേരുടെ ജീവനാണ് ഒരു രാത്രിയിൽ പൊലിഞ്ഞതെന്ന് അറിയുമ്പോൾ എത്രമാത്രം വേദനാജനകമാണ് ഈ ദുരന്തമെന്ന് മനസ്സിലാകും. എത്ര നഷ്ടപരിഹാരം നൽകിയാലും മായാത്ത മുറിവാണത് നാടിനേൽപ്പിച്ചത്. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതും ഇനി ആവർത്തിക്കാൻ പാടില്ലാത്തതുമായ ദുരന്തമാണ് പരപ്പനങ്ങാടിക്കും താനൂരിനും ഇടയിൽ തൂവൽതീരം എന്ന വിനോദസഞ്ചാര കേന്ദ്രത്തിലുണ്ടായത്.

ചാലിയാറിന്റെ കൈവഴിയായ കടലുണ്ടിപ്പുഴയുടെ ഒരു ഭാഗം പൂരപ്പുഴയായി കടലിൽ ചേരുന്ന പ്രകൃതിസുന്ദരമായ ഇടം. അവിടെ ടൂറിസ്റ്റ് ബോട്ട് കീഴ്മേൽ മറിഞ്ഞ് ഇത്രയും വേദനാജനകമായ ദുരന്തമുണ്ടായത് ബോട്ടുടമയുടെ തികഞ്ഞ അശ്രദ്ധയുടെയും കുറ്റകരമായ അനാസ്ഥയുടെയും ഫലമാണെന്ന കാര്യത്തിൽ തർക്കമില്ല. 25 പേർക്ക് സഞ്ചരിക്കാവുന്ന ബോട്ടിൽ നാൽപ്പതോളംപേർ യാത്ര ചെയ്തതുതന്നെ ജാഗ്രതയില്ലായ്മയുടെ പ്രധാന തെളിവ്. യാത്രക്കാർക്ക് അവശ്യംവേണ്ട ലൈഫ് ജാക്കറ്റ് അടക്കമുള്ള ജീവൻരക്ഷാ ഉപകരണങ്ങളുടെ അഭാവം ദുരന്തത്തിന്റെ തീവ്രത വർധിപ്പിച്ചു. അനുവദിക്കപ്പെട്ട സമയം കഴിഞ്ഞാണ് ഈ മരണയാത്ര നടത്തിയത്. ബോട്ടിന് താങ്ങാവുന്നതിലും കൂടുതൽ

**കൂടുതൽ ആളെ കയറ്റി, നിശ്ചയിച്ച സമയം കഴിഞ്ഞ് സർവീസ് നടത്തിയത് പൊറുക്കാനാകാത്ത തെറ്റുതന്നെ. എന്തായാലും മനുഷ്യജീവനുകൾവച്ച് ഇനിയും പന്താടാൻ ആരെയും അനുവദിക്കരുത്. ബോട്ടുകൾക്ക് ലൈസൻസ് നൽകുമ്പോഴും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുമ്പോഴും ഉള്ള കർശന നിബന്ധനകൾ ഉടമകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്**

മുഖപ്രസംഗം കേൾക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക

സഞ്ചാരികൾ, അവരിൽ ഭൂരിഭാഗവും രണ്ടുനില ബോട്ടിന്റെ മുകൾനിലയിൽ. ഉല്ലാസയാത്രയ്ക്കായി ഈ ബോട്ടിൽ കയറിയ യാത്രികരിൽ 22 പേരെ അപകടക്കയത്തിലേക്ക് മുക്കിത്താഴ്ത്തിയത് ഈ കരുണയില്ലാത്ത അശ്രദ്ധതന്നെ. സമീപപ്രദേശത്തെ മത്സ്യത്തൊഴിലാളികളും പിന്നീട് അഗ്നിരക്ഷാസേനയും സർക്കാർ സംവിധാനങ്ങളും ഉണർന്നു പ്രവർത്തിച്ചതുകൊണ്ടാണ് ബാക്കി ജീവനുകളെ രക്ഷിക്കാനായത്. രക്ഷാപ്രവർത്തനം നടത്തിയ എല്ലാവരും അഭിനന്ദനം അർഹിക്കുന്നു.

സംഭവസ്ഥലത്ത് തിങ്കളാഴ്ച രാവിലെ എത്തിയ മുഖ്യമന്ത്രിയും മന്ത്രിമാരും അടിയന്തരമായി മന്ത്രിസഭായോഗം ചേർന്ന് സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. മരിച്ചവരുടെ ഉറ്റവർക്ക് 10 ലക്ഷം രൂപ നഷ്ടപരിഹാരവും പ്രഖ്യാപിച്ചിട്ടുണ്ട്. പഴുതടച്ച അന്വേഷണം ഈ ദുരന്തത്തിന്റെ കാരണം കണ്ടെത്തുമെന്നും ഇനിയൊരു ദുരന്തം ആവർത്തിക്കാതിരിക്കാനുള്ള നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുമെന്നും പ്രത്യാശിക്കാം.

കൂടുതൽ ആളെ കയറ്റി, നിശ്ചയിച്ച സമയം കഴിഞ്ഞ് സർവീസ് നടത്തിയത് പൊറുക്കാനാകാത്ത തെറ്റുതന്നെ. എന്തായാലും മനുഷ്യജീവനുകൾവച്ച് ഇനിയും പന്താടാൻ ആരെയും അനുവദിക്കരുത്. ബോട്ടുകൾക്ക് ലൈസൻസ് നൽകുമ്പോഴും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുമ്പോഴും ഉള്ള കർശന നിബന്ധനകൾ ഉടമകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. എന്നാൽ, എത്ര നിബന്ധനകൾ വച്ചാലും അത് ലംഘിക്കാനുള്ള വഴികൾ തേടുന്നവരുണ്ട്.

റോഡുകൾ ചോരക്കളമാക്കുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി സേഫ് കേരള പദ്ധതിയുടെ ഭാഗമായി കാമറ വയ്ക്കുന്നതിനെതിരെ ഒച്ചപ്പാടുണ്ടാക്കുന്നവർ വാസ്തവത്തിൽ നിയമലംഘനങ്ങളെ പ്രോത്സാഹിപ്പിക്കുകയല്ലേ ചെയ്യുന്നത്. കാമറകൾ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമായിപ്പോലും വ്യാഖ്യാനിക്കുന്ന മാധ്യമങ്ങളുള്ള നാടാണ് ഇത്. കഴിഞ്ഞദിവസം ദുരന്തമുണ്ടായ താനൂരിന് അകലെയല്ലാത്ത കടലുണ്ടിയിൽ വിനോദ സഞ്ചാരികൾക്കുള്ള തോണി സഞ്ചാരം വൈകിട്ട് അഞ്ചിനുശേഷം വിലക്കിയപ്പോൾ 'തോണി സർവീസിന് നിയന്ത്രണം, സഞ്ചാരികൾക്ക് നിരാശ' എന്ന് വലിയവാർത്ത എഴുതിയ പത്രങ്ങളുണ്ട് നാട്ടിൽ. നിയമലംഘനത്തിന് പ്രേരിപ്പിക്കുന്ന ഇത്തരം നിഷേധാത്മക സമീപനങ്ങൾ നമ്മുടെ കുടുംബങ്ങളിൽ ഇനിയും കണ്ണീർവീഴ്ത്താൻ മാത്രമേ ഇടയാക്കൂ.

# ലൈഫ് ജാക്കറ്റ് ജലയാത്രയിലെ ഹെൽമെറ്റ്



സി ജെ സത്യകുമാർ

റോഡ് അപകടം കഴിഞ്ഞാൽ ഏറ്റവുമധികം ആളുകൾ മരിക്കുന്ന അപകടമാണ് മുങ്ങിമരണം. 44 നദികൾ, തോടുകൾ, കായലുകൾ, കുളങ്ങൾ, അണക്കെട്ടുകൾ, ചെറുതും വലുതുമായ ജലാശയങ്ങൾ, തടാകങ്ങളാൽ ചുറ്റപ്പെട്ട സംസ്ഥാനത്ത് സ്വാഭാവികമായും ഇത്തരത്തിലുള്ള അപകടങ്ങളും താരതമ്യേന കൂടുതലായിരിക്കും. കേരളത്തിന്റെ ഭൂവിസ്തൃതി നോക്കുമ്പോൾ നമ്മുടെ ജലാശയസാന്ദ്രത വളരെ കൂടുതലാണ്. അതിനാൽ ജലാശയങ്ങളെക്കുറിച്ചും അതിൽ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ചും മനസ്സിലാക്കിയിരിക്കാനുള്ള ഉത്തരവാദിത്വം എല്ലാവർക്കുമുണ്ട്. എങ്ങനെയൊക്കെ അപകടം ഉണ്ടാകാം, എന്തൊക്കെ മുൻകരുതൽ സ്വീകരിക്കണം എന്നൊക്കെയുള്ള അവബോധം നാം ഓരോരുത്തർക്കും ഉണ്ടാകണം.

- സ്കൂൾതലംമുതൽ കുട്ടികളെ നീന്തൽ പരിശീലിപ്പിക്കണം
- നിരത്തിലെ ഹെൽമറ്റും സീറ്റ്ബെൽറ്റും പോലെതന്നെ പ്രധാനമാണ് ബോട്ട് യാത്രയിൽ ലൈഫ് ജാക്കറ്റ്
- ആൾവീതം ലൈഫ് ജാക്കറ്റും ലൈഫ് ബോയ് റിങ്ങും ഇല്ലാതെ ബോട്ട് യാത്ര അനുവദിക്കരുത്
- യാത്രക്കാർക്കുള്ള മാർഗനിർദേശങ്ങൾ ബോട്ടിൽ പ്രദർശിപ്പിക്കണം

**ജലാശയങ്ങളിൽ അപകട സാഹചര്യം പലതാണ്. ജലാശയങ്ങളിൽ വിവിധ അപകട മേഖലകളുണ്ട്. ചുഴികൾ, പാറയിടുക്കുകൾ, മരക്കുറ്റികൾ, ഗർത്തങ്ങൾ എന്നിവയിൽ നീന്തൽ അറിയുന്നവർപോലും അകപ്പെടാം. അകപ്പെട്ടു കഴിഞ്ഞാൽ പ്രാണരക്ഷാർഥം കൈകാലിട്ടടിച്ച് ഉയരാൻ ശ്രമിക്കും. ഇതോടെ കൂടുതൽ ആഴത്തിൽ മുങ്ങിപ്പോകും. പിന്നെ ഉയർന്നുവരാൻ കഴിയില്ല. ഒഴുക്കിൽപ്പെട്ടുപോയാൽ വെള്ളത്തിൽ ഇറങ്ങിയ സ്ഥലത്തേക്ക് നീന്തിപ്പോകരുത്**

- ചുഴികൾ, പാറയിടുക്കുകൾ, മരക്കുറ്റികൾ, ഗർത്തങ്ങൾ എന്നിവയിൽ നീന്തൽ അറിയുന്നവർ പോലും അകപ്പെടാം
- മുങ്ങിപ്പോയി മൂന്ന് മിനിറ്റിനകം മരണം സംഭവിക്കുമെന്നതിനാൽ സുരക്ഷ ഉറപ്പുവരുത്തൽമാത്രമാണ് പരിഹാരം

കൊച്ചുകുട്ടികൾമുതൽ നീന്തൽ അറിയുന്നവർവരെ ലൈഫ്ജാക്കറ്റ് ധരിക്കണം. വിനോദ യാത്രകൾ പോകുമ്പോൾ ബോട്ടിൽ ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയ് റിങ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ ഉണ്ടോയെന്ന് ഉറപ്പുവരുത്തണം. വെള്ളത്തിന് നടുവിൽവച്ച് തീപിടിത്തം ഉണ്ടാകാനുള്ള സാധ്യതയെക്കുറിച്ചുപോലും നമ്മൾ മുൻകരുതലുകളെടുക്കണം.

വലിയ ഹൗസ് ബോട്ടുകളിൽ കയറിയാൽ ശരിക്കും ഒരു ആഡംബര ഹോട്ടലിൽ എത്തിയെന്ന തോന്നലാണ് ഉണ്ടാകുക. ഏതെങ്കിലും തരത്തിൽ അപകടം ഉണ്ടാകാനുള്ള സാധ്യത പോലും നമ്മൾ ആലോചിക്കാനിടയില്ല. ഹൗസ്ബോട്ടിന്റെ വക്കുകളിൽ നിൽക്കുന്നതും അവിടെനിന്ന് വെള്ളത്തിലേക്ക് കൈനീട്ടുന്നതും പോലുള്ള അഭ്യാസങ്ങൾ വേണ്ട. സെൽഫി എടുക്കുമ്പോഴും ശ്രദ്ധ വേണം. ബോട്ടിലെ ജീവനക്കാർ നൽകുന്ന നിർദേശങ്ങൾ കർശനമായി പാലിക്കണം. ചുരുക്കിപ്പറഞ്ഞാൽ ശ്രദ്ധയാണ് പരമപ്രധാനം.

വെള്ളത്തിൽ മുങ്ങിപ്പോകുന്നവരെ രക്ഷപ്പെടുത്താനുള്ള സാധ്യത വളരെ കുറവാണ്. മുങ്ങിപ്പോയി മൂന്ന് മിനിറ്റിനകം മരണം സംഭവിക്കും. ഇതിനുമുമ്പ് രക്ഷാപ്രവർത്തനം ആരംഭിക്കാൻ പലപ്പോഴും സാധിക്കാറില്ല. മുങ്ങിപ്പോകുന്നവരുടെ ബോധം രണ്ട് മിനിറ്റിനുള്ളിൽ നഷ്ടപ്പെടും.

സംസ്ഥാനത്ത് പ്രതിവർഷം 1000 മുതൽ 1200 വരെ ആളുകൾ മുങ്ങിമരിക്കുന്നു എന്നാണ് ദുരന്തനിവാരണ അതോറിറ്റിയുടെ കണക്ക്. അതിൽ ഏറെയും കുട്ടികളും ചെറുപ്പക്കാരുമാണ്. അതുകൊണ്ടുതന്നെ റോഡ് അപകടം കുറയ്ക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതുപോലുള്ള സുരക്ഷാക്രമീകരണങ്ങൾ വെള്ളത്തിലും പാലിക്കണം. അവധിക്കാലത്തും പഠന, വിനോദ യാത്രകളിലുമൊക്കെയാണ് ഏറെയും ഇത്തരം അപകടം ഉണ്ടാകുന്നത്. വിനോദയാത്രകളിൽ പരമാവധി ആനന്ദിക്കാനാണ് എല്ലാവരും ശ്രമിക്കുക. ഉണ്ടാകാനിടയുള്ള

അപകടങ്ങളെക്കുറിച്ച് പലപ്പോഴും ചിന്തിക്കില്ല. ഇത്തരം യാത്രകൾക്കിടയിലുള്ള മദ്യപാനവും പലപ്പോഴും അപകടം ക്ഷണിച്ചുവരുത്താറുണ്ട്. ജലാശയങ്ങളിൽ അപകട സാഹചര്യം പലതാണ്. ജലാശയങ്ങളിൽ വിവിധ അപകട മേഖലകളുണ്ട്. ചുഴികൾ, പാറയിടുക്കുകൾ, മരക്കുറ്റികൾ, ഗർത്തങ്ങൾ എന്നിവയിൽ നീന്തൽ അറിയുന്നവർ പോലും അകപ്പെടാം. അകപ്പെട്ടു കഴിഞ്ഞാൽ പ്രാണരക്ഷാർഥം കൈകാലിട്ടടിച്ച് ഉയരാൻ ശ്രമിക്കും. ഇതോടെ കൂടുതൽ ആഴത്തിൽ മുങ്ങിപ്പോകും. പിന്നെ ഉയർന്നുവരാൻ കഴിയില്ല. ഒഴുക്കിൽപ്പെട്ടുപോയാൽ വെള്ളത്തിൽ ഇറങ്ങിയ സ്ഥലത്തേക്ക് നീന്തിപ്പോകരുത്. ഒഴുക്കിനൊപ്പം പോയി എതെങ്കിലും സുരക്ഷിതവസ്തുവിൽ പിടിച്ചുനിൽക്കണം. അങ്ങനെ നിരവധി പേർ രക്ഷപ്പെട്ട സംഭവങ്ങളുണ്ട്.

പാറക്കെട്ടും വെള്ളച്ചാട്ടവുമുള്ള ഇടങ്ങളിൽ പൊതുവേ അപകടം കൂടുതലാണല്ലോ.ഇവിടങ്ങളിൽ നാട്ടുകാരുടെ മുന്നറിയിപ്പ് അവഗണിച്ച് ഇറങ്ങരുത്. വെള്ളത്തിൽ മുങ്ങിപ്പോയ ആളെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നതിനിടെ അപകടത്തിൽപ്പെടുന്നവരുടെ എണ്ണവും കൂടുതലാണ്.

**(സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിലെ ദുരന്ത വിശകലന വിദഗ്ധനാണ് ലേഖകൻ)**

# എല്ലാവരും പഠിക്കണം നീന്തൽ

സജി വാളാശേരിൽ

ഓരോ വേനലവധിക്കാലത്തും എത്രയെത്ര മുങ്ങിമരണങ്ങളാണ് നാം കേൾക്കുന്നത്. ചെറിയ കുളങ്ങളിൽ നീന്തൽ പഠിച്ചതിന്റെ ബലത്തിലായിരിക്കും പലരും പുഴയിലും തീരക്കടലിലും സാഹസത്തിനൊരുങ്ങുന്നത്. താനൂരിനടുത്തുണ്ടായ ബോട്ട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നമ്മൾ ശരിയായ നീന്തൽ പരിശീലനത്തിന് പ്രാധാന്യം കൊടുക്കണം. ജീവൻരക്ഷാ ഉപകരണങ്ങൾ ശരിയായി ഉപയോഗിക്കാനും പഠിച്ചിരിക്കണം.

ശരിയായി നീന്തൽ പഠിച്ചാൽ മുങ്ങി മരണങ്ങളിൽ ഭൂരിഭാഗവും ഒഴിവാക്കാം. സംസ്ഥാനത്ത് നടക്കുന്ന ജലാശയ അപകടങ്ങളിൽ ഭൂരിഭാഗവും തീരത്തുനിന്ന് അധികം അകലെയല്ല. നീന്തൽ അറിയാമെങ്കിൽ ഇത്രയും നീന്തി കരപിടിക്കാനും ജീവൻ രക്ഷിക്കാനും കഴിയുമെന്ന് ഉറപ്പാണ്. കുട്ടികളെ ചെറുപ്രായത്തിൽത്തന്നെ നീന്തൽ പരിശീലിപ്പിക്കേണ്ടത് ഉത്തരവാദിത്വമായി രക്ഷിതാക്കളും സമൂഹവും ഏറ്റെടുക്കണം. ശാസ്ത്രീയമായിത്തന്നെയാണ് നീന്തൽ പഠിപ്പിക്കേണ്ടത്. മനസ്സുവച്ചാൽ 16 ദിവസത്തിനുള്ളിൽ നീന്തൽ പഠിക്കാൻ കഴിയും. ജലാശയങ്ങളെക്കുറിച്ചുള്ള പേടി അകറ്റുകയെന്നതും പ്രധാനമാണ്.

നീന്തലിനൊപ്പം പ്രാധാന്യം കൊടുക്കേണ്ടതാണ് ജലാശയങ്ങളെക്കുറിച്ചുള്ള അവബോധവും.



**ശരിയായി നീന്തൽ പഠിച്ചാൽ മുങ്ങി മരണങ്ങളിൽ ഭൂരിഭാഗവും ഒഴിവാക്കാം. സംസ്ഥാനത്ത് നടക്കുന്ന ജലാശയ അപകടങ്ങളിൽ ഭൂരിഭാഗവും തീരത്തുനിന്ന് അധികം അകലെയല്ല. നീന്തൽ അറിയാമെങ്കിൽ ഇത്രയും നീന്തി കരപിടിക്കാനും ജീവൻ രക്ഷിക്കാനും കഴിയുമെന്ന് ഉറപ്പാണ്. കുട്ടികളെ ചെറുപ്രായത്തിൽത്തന്നെ നീന്തൽ പരിശീലിപ്പിക്കേണ്ടത് ഉത്തരവാദിത്വമായി രക്ഷിതാക്കളും സമൂഹവും ഏറ്റെടുക്കണം**

ഒരിക്കലും പരിചയമില്ലാത്ത ജലാശയങ്ങളിൽ ഇറങ്ങരുത്. അപകടങ്ങൾ പലരൂപത്തിലാണ് പതിയിരിക്കുക. ചെളി, കയം, കല്ലുകൾ, ചുഴി, അടിയൊഴുക്ക്, പാറയിടുക്കുകൾ എന്നിങ്ങനെ നിരവധി ചതിക്കുഴികളുണ്ട്. ഇതൊന്നും കണക്കിലെടുക്കാതെ ജലാശയങ്ങളിൽ ഇറങ്ങിയാൽ അപകടംപിണയും. ബോട്ട് അപകടങ്ങൾ പോലുള്ള സന്ദർഭങ്ങളിൽ അകത്ത് കുടുങ്ങിപ്പോവുകയും ഒരു കാരണവശാലും നീന്താൻ കഴിയാത്ത സ്ഥിതിയുണ്ടാവുകയും ചെയ്താലും ദുരന്തത്തിൽ കലാശിക്കും. നീന്തൽ പഠിക്കുന്നതോടൊപ്പം ലൈഫ് ജാക്കറ്റ് ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങൾ കൈകാര്യം ചെയ്യേണ്ടത് എങ്ങനെയെന്നും തീർച്ചയായും പഠിച്ചിരിക്കണം.

14 വർഷമാകുന്നു ഞാൻ നീന്തൽ പഠിപ്പിക്കാൻ തുടങ്ങിയിട്ട്. ഇതിനകം 7000ൽ അധികം പേരെ പരിശീലിപ്പിച്ചു. ഇതിൽ രണ്ടായിരത്തിനടുത്ത് പഠിതാക്കൾ പെരിയാർ ആലുവഭാഗത്ത് കുറുകെ നീന്തി. ഇവരിൽ അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളുണ്ട്. ഭിന്നശേഷിക്കാരുണ്ട്. പ്രായമായവരുണ്ട്. 70 വയസ്സുകാരി ആരിഫ കഴിഞ്ഞ വർഷം പർദ ധരിച്ച് കൈകൾ പിന്നിൽക്കെട്ടി നീന്തിയത് വലിയ വാർത്തയായി. ഏത് പ്രായത്തിലും ഏത് വേഷത്തിലും പുഴകൾ നീന്തിക്കടക്കാം എന്നാണ് ആരിഫ തെളിയിച്ചത്. ഇത് എല്ലാവർക്കും പ്രചോദനമാകണം.

**(നീന്തൽ പരിശീലകനാണ് ലേഖകൻ)**

# ബോട്ട് ദുരന്തങ്ങൾ തുടർക്കഥ

1924 ജനുവരി പതിനേഴിനാണ് മലയാളക്കരയെ നടുക്കിയ ആദ്യബോട്ട് അപകടമുണ്ടാകുന്നത്. റെഡീമിർ എന്ന ബോട്ട് പല്ലനയാറ്റിൽ മറിഞ്ഞ് മഹാകവി കുമാരനാശാനടക്കം 24 പേരുടെ ജീവൻ കവർന്നു. ഇതിനുശേഷം ഒരു നൂറ്റാണ്ടിനിടെ നിരവധി അപകടമാണ് ഉണ്ടായത്. ചെറുതും വലുതുമായ യാത്രാ ബോട്ട്– ടൂറിസ്റ്റ് ബോട്ട് അപകടങ്ങളിൽ അഞ്ഞൂറിനടുത്ത് ജീവനുകളാണ് പൊലിഞ്ഞത്. ഇതിനു പുറമേയാണ് മത്സ്യബന്ധന വള്ളങ്ങളും കടത്തുതോണികളും മറിഞ്ഞുള്ള അപകടങ്ങളും മരണവും. സംസ്ഥാനത്തെ ഏറ്റവുംവലിയ ബോട്ട് ദുരന്തമുണ്ടായത് 2009 സെപ്തംബർ 30ന് തേക്കടിയിലാണ്. തടാകത്തിൽ സർവീസ് നടത്തിയിരുന്ന ബോട്ട് മറിഞ്ഞ് 45 വിനോദ സഞ്ചാരികളാണ് മരിച്ചത്.

അശ്രദ്ധയും നിയമലംഘനങ്ങളുമാണ് അധികം ബോട്ട് ദുരന്തങ്ങൾക്കും വഴിവച്ചത്. ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കാത്തത് പലപ്പോഴും അപകടത്തിന്റെ വ്യാപ്തി വർധിപ്പിച്ചു. രാത്രി സഞ്ചാരം, മണ്ണൽത്തിട്ടയിലും മരക്കുറ്റികളിലും ഇടിക്കുന്നത്, അമിതമായി ആളെ കയറ്റുന്നത്, ബോട്ടിന്റെ കാലപ്പഴക്കം, അശാസ്ത്രീയ നിർമാണം തുടങ്ങിയവ അപകടം വിളിച്ചുവരുത്തുകയാണ്. പല്ലനയാറ്റിലെ അപകടംമുതൽ തേക്കടിയിലും തട്ടേക്കാടുമെല്ലാം താനൂരിന് സമാനമായി അപകടം നടന്നത് രാത്രിയിലാണ്. ഇത് രക്ഷാപ്രവർത്തനം ദുഷ്കരമാക്കി. കൂടുതൽ ജീവൻ പൊലിയുന്നതിനും വഴിവച്ചു.

## പ്രധാന ദുരന്തങ്ങൾ

**1924 ജനുവരി 17**
പല്ലന, മരണം 24
ട്രാവൻകൂർ ആൻഡ് കൊച്ചിൻ മോട്ടോറിന്റെ സർവീസ് നടത്തുന്ന 'റെഡീമിർ' ബോട്ട് കൊല്ലത്തുനിന്ന് എറണാകുളത്തേക്ക് വരുന്നതിനിടെ പല്ലനയാറ്റിലെ പല്ലന പുത്തൻകരി വളവിൽവച്ച് രാത്രി 10.30ന് മറിഞ്ഞു.136 പേരാണ് ഇരുനില ബോട്ടിൽ ഉണ്ടായിരുന്നത്. മഹാകവി കുമാരനാശാൻ അടക്കം 24 പേർ മരിച്ചു.



കുമരകം

**1952 ഏപ്രിൽ 20**
ചെണ്ടങ്ങ, മരണം 19
വേമ്പനാട്ട് കായലിൽ ചെങ്ങണ്ടയ്ക്ക് സമീപത്തുവച്ച് ചേർത്തലയിൽനിന്ന് വൈക്കത്തേക്ക് പോകുകയിരുന്ന കനകം ബോട്ട് മറിഞ്ഞു.

**1958 ജൂലൈ 21**
മലമ്പുഴ, മരണം: 35
മലമ്പുഴ റിസർവോയറിൽ മോട്ടോർ ഘടിപ്പിച്ച കടത്തുവള്ളം മോശം കാലാവസ്ഥയെത്തുടർന്ന് മുങ്ങി. സമീപത്തെ എസ്റ്റേറ്റിൽ ജോലിക്കുപോയ തൊഴിലാളികളാണ് അണക്കെട്ടിൽ മുങ്ങിമരിച്ചത്.

**1971 സെപ്തംബർ 27**
കരമന, മരണം: 11
തിരുവനന്തപുരം തൃക്കണ്ണാപുരം കരമനയാറ്റിൽ കടത്തുവള്ളം മറിഞ്ഞു.

**1974 ഫെബ്രുവരി 5**
പൊൻമുടി,മരണം:12
പൊൻമുടി ഡാമിന്റെ റിസർവോയറിൽ കടത്തുവള്ളം മുങ്ങി.

**ചെറുതും വലുതുമായ യാത്രാ ബോട്ട്- ടൂറിസ്റ്റ് ബോട്ട് അപകടങ്ങളിൽ അഞ്ഞൂറിനടുത്ത് ജീവനുകളാണ് പൊലിഞ്ഞത്. ഇതിനു പുറമേയാണ് മത്സ്യബന്ധന വള്ളങ്ങളും കടത്തുതോണികളും മറിഞ്ഞുള്ള അപകടങ്ങളും മരണവും. സംസ്ഥാനത്തെ ഏറ്റവുംവലിയ ബോട്ട് ദുരന്തമുണ്ടായത് 2009 സെപ്തംബർ 30ന് തേക്കടിയിലാണ്. തടാകത്തിൽ സർവീസ് നടത്തിയിരുന്ന ബോട്ട് മറിഞ്ഞ് 45 വിനോദ സഞ്ചാരികളാണ് മരിച്ചത്**

**1976 ഏപ്രിൽ 5**
വേമ്പനാട്ട് കായൽ, മരണം: 12
വേമ്പനാട്ട് കായലിൽ വള്ളം മുങ്ങി.

**1980 മാർച്ച് 19**
കണ്ണമാലി, മരണം 29
കണ്ണമാലി പള്ളിയിൽ നേർച്ചസദ്യയിൽ പങ്കെടുത്തുമടങ്ങിയവർ സഞ്ചരിച്ച ബോട്ട് കല്ലഞ്ചേരി കായലിൽ മുങ്ങി. മരിച്ചവരിൽ ഏറെയും പെരുമ്പടപ്പ് സ്വദേശികൾ.

**1982 ജനുവരി 16**
ശാസ്താംകോട്ട, മരണം 23
ശാസ്താംകോട്ട കായലിൽ കടത്തുവള്ളം മുങ്ങി 23 പേർ മരിച്ചു.

**1983 സെപ്തംബർ 23**
കൊച്ചി, മരണം: 18
പനമ്പുകാട്ടുനിന്ന് പുറപ്പെട്ട വഞ്ചി മുരിക്കുംപാടത്തിനു സമീപം മുങ്ങി. വല്ലാർപാടം പള്ളിയിൽ തീർഥാടനത്തിനു പോയിവരുന്ന സംഘമാണ് വള്ളത്തിലുണ്ടായിരുന്നത്.

**2002 ജൂലൈ 29**
കുമരകം, മരണം: 29
മുഹമ്മയിൽനിന്ന് കുമരകത്തേക്ക് പുറപ്പെട്ട ബോട്ട് രാവിലെ ആറരയോടെ വേമ്പനാട്ട് കായലിൽ മുങ്ങി. 50 പേർക്ക് കയറാവുന്ന ബോട്ടിൽ ഇരട്ടിയിലേറെ ആളുകൾ കയറിയതാണ് ദുരന്തത്തിനു വഴിവച്ചത്. ബോട്ടിൽ ഉണ്ടായിരുന്നതിൽ അധികവും പിഎസ്സി പരീക്ഷ എഴുതാൻ പോയ ഉദ്യോഗാർഥികളായിരുന്നു .

**2007 ഫെബ്രുവരി 20**
തട്ടേക്കാട്, മരണം: 18
എളവൂർ സെന്റ് ആന്റണീസ് സ്കൂളിൽനിന്ന് വിനോദ യാത്രാ സംഘം സഞ്ചരിച്ചിരുന്ന ബോട്ട് തട്ടേക്കാട് പക്ഷിസങ്കേതത്തിലെ ഭൂതത്താൻകെട്ട് ഡാമിൽ മറിഞ്ഞു. അധ്യാപകരും സ്കൂൾ വിദ്യാർഥികളുമടക്കം 18 പേർ മരിച്ചു. 37 പേരാണ് ബോട്ടിൽ ഉണ്ടായിരുന്നത്. കൂടുതൽ പേരെ കയറ്റിയതാണ് അപകട കാരണം. വൈകിട്ട് ആറരയോടെയായിരുന്നു അപകടം.



തട്ടേക്കാട്



തേക്കടി

**2009 സെപ്തംബർ 30**
തേക്കടി, മരണം: 45
കേരളത്തിൽ ഉണ്ടായ ഏറ്റവും വലിയ ബോട്ട് അപകടം. തേക്കടി തടാകത്തിൽ സർവീസ് നടത്തുന്ന ജലകന്യക ബോട്ട് മറിഞ്ഞ് ബോട്ടിൽ ഉണ്ടായിരുന്ന 76 പേരിൽ 45 പേരും മരിച്ചു. മരിച്ചവരെല്ലാം വിനോദസഞ്ചാരികളായിരുന്നു.

**2009 നവംബർ 4**
ചാലിയാർ, മരണം: 8
അരീക്കോട് ചാലിയാറിൽ മൂർക്കനാട് സ്കൂൾക്കടവിൽ തോണി മറിഞ്ഞു. മരിച്ചത് മുഴുവൻ വിദ്യാർഥികൾ.

**2015 ആഗസ്ത് 26**
കൊച്ചി, മരണം: 11
വൈപ്പിനിൽനിന്ന് ഫോർട്ടുകൊച്ചിയിലേക്ക് പോയ യാത്രാബോട്ടിൽ മീൻപിടിത്ത വള്ളം ഇടിച്ചതിനെത്തുടർന്ന് യാത്രാബോട്ട് മുങ്ങി.

**(തയ്യാറാക്കിയത്: റിസർച്ച് ഡെസ്ക്)**